## പതിമൂന്നാം കേരള നിയമസഭ

### പതിനഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ: 3539 17.12.2015 - ൽ മറുപടിക്ക്

**മാതൃവകുപ്പിലേക്ക് തിരികെ വരുന്നവർക്ക് ലഭിക്കേണ്ട ആനുകൂല്യങ്ങൾ**

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. റ്റി.യു. കുരുവിള | ശ്രീ. ഉമ്മൻചാണ്ടി<br>മുഖ്യമന്ത്രി |
| (എ) കെ. എസ്. & എസ്. എസ്. ആർ. റൂൾ-8 അനുസരിച്ച് മാതൃവകുപ്പിലേക്ക് തിരികെ വരുന്നവർക്ക് സീനിയോറിറ്റി ഉൾപ്പെടെ എന്തെല്ലാം ആനുകൂല്യങ്ങളാണ് ലഭിക്കേണ്ടത്; | (എ) KS&SSR റൂൾ 8 പ്രകാരം മാതൃവകുപ്പിലെ സർവ്വീസിലേക്ക് തിരികെ വരുന്ന ജീവനക്കാർക്ക് ചട്ടത്തിലെ വ്യവസ്ഥകൾക്ക് വിധേയമായി സീനിയോറിറ്റി, പ്രൊമോഷൻ, പൂർണ അംഗമായിട്ടുള്ള നിയമനം മുതലായ ആനുകൂല്യങ്ങൾക്ക് അർഹതയുണ്ട് |
| (ബി) ഇങ്ങനെ മാതൃവകുപ്പിലേക്ക് തിരികെ വരുന്ന ഉദ്യോഗസ്ഥരുടെ സീനിയോറിറ്റി നിഷേധിക്കുവാൻ വകുപ്പ് മേധാവികൾക്ക്എന്തെങ്കിലും അധികാരമുണ്ടോ; വിശദമാക്കുമോ; | (ബി) സീനിയോറിറ്റി നിശ്ചയിക്കുന്ന കാര്യത്തിൽ ചട്ടപ്രകാരമാണ് നടപടികൾ സ്വീകരിക്കേണ്ടത് |
| (സി) കെ.എസ്. & എസ്.എസ്.ആർ. റൂൾ 8 -നെ മറ്റേതെങ്കിലും ചട്ടപ്രകാരം നിഷേധിക്കുവാൻ നിയമനാധികാരിക്കോ വകുപ്പ് മേലധികാരികൾക്കോ അധികാരം ഉണ്ടോ; | (സി) നിയമനാധികാരികളും വകുപ്പ് മേലധികാരികളും ചട്ടത്തിൽ വ്യവസ്ഥ ചെയ്തിരിക്കുന്ന പ്രകാരമാണ് നടപടികൾ സ്വീകരിക്കേണ്ടത് |
| (ഡി) പ്രസ്തുത റൂൾ പ്രകാരമുള്ള സീനിയോറിറ്റി പുനസ്ഥാപിക്കുന്നത് അകാരണമായി തടയുന്ന ഉദ്യോഗസ്ഥർക്കെതിരെ എന്തെല്ലാം ശിക്ഷണ നടപടികൾ സ്വീകരിക്കാൻ കഴിയുമെന്നറിയിക്കുമോ? | (ഡി) ഡ്യൂട്ടിയിൽ വീഴ്ച വരുത്തുന്ന ഉദ്യോഗസ്ഥർക്കെതിരെ KCS (CC&A) റൂൾസ് പ്രകാരമുള്ള അച്ചടക്ക നടപടികൾ സ്വീകരിക്കാൻ വ്യവസ്ഥയുണ്ട് |

Sd/-

സെക്ഷൻ ഓഫീസർ